**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. **1590**

04.12.2015-ൽ മറുപടിക്ക്

**വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ആർ.സി. സെക്ഷനിലെ ഫയലിലും നഗരകാര്യ ഡയറക്ടേറ്റിൽ ജി. സെക്ഷനിൽ കൈകാര്യം ചെയ്ത് വരുന്ന ഫയലിലും നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (എ) | നഗരകാര്യ ഡയറക്ടറുടെ 5.11.2013-ലെ ജി3-4411/13-ാം നമ്പർ കത്ത് പ്രകാരം, കൊയിലാണ്ടിയിൽ, വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്ന വിഷയം സംബന്ധിച്ച്, കൊയിലാണ്ടി നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ അപേക്ഷയും സഹപത്രങ്ങളും സർക്കാർ പരിശോധിക്കുകയും, വ്യവസായ ആവശ്യത്തിലേക്ക് കൊയിലാണ്ടി നഗരസഭ ഏറ്റെടുത്ത ടി സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ അഭിപ്രായം 25/1/2014-ലെ 13128/ആർസി4/2013/തസ്വഭവ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറേയും കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 13128/ആർ.സി4/2013/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്.
തിരുവനന്തപുരം, തീയതി 25-1-2014

പ്രേഷിതൻ
പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

1. നഗരകാര്യ ഡയറക്ടർ ,
തിരുവനന്തപുരം

2. സെക്രട്ടറി ,
കൊയിലാണ്ടി നഗരസഭ,
കൊയിലാണ്ടി 673 305

സർ,

**വിഷയം :** തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല- കൊയിലാണ്ടി നഗരസഭ- വെറ്ററിനറി സർവകലാശാലക്ക് ഭൂമി വിട്ടുകൊടുക്കുന്നതിന് അനുമതി -സംബന്ധിച്ച്

**സൂചന :**
1. കൊയിലാണ്ടി നഗരസഭയുടെ 27/12/2012-ലെ 16 -ാം നമ്പർ തീരുമാനം
2. കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 12/2/2013 ലെ ടിപി -13697/12 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 10/5/2013, 5/11/2013 എന്നീ തീയതികളിലെ ജി3-4411/13 നമ്പർ കത്തുകൾ
4.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വ്യവസായ ആവശ്യത്തിലേക്ക് കൊയിലാണ്ടി നഗരസഭ ഏറ്റെടുത്ത അരിക്കുളം വില്ലേജ് സർവ്വെ 35, 9/2 ൽപ്പെട്ട നാല് ഏക്കർ സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു

1. ടി സ്ഥലം സർവ്വകലാശാലയ്ക്ക് കൈമാറുന്നതിന് നഗരസഭ 2005-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ 3 പ്രകാരം പുതിയ തീരുമാനമെടുത്ത്, യൂണിവേഴ്സിറ്റിയുടെ കത്ത് ഉള്ളടക്കം ചെയ്ത് സർക്കാരിന് അതിലേക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

2. അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിന് യൂണിവേഴ്സിറ്റിക്കുവേണ്ടി രജിസ്ട്രാർ ഔപചാരികമായ ഒരു അപേക്ഷ, ആവശ്യമായ സ്ഥലം വ്യക്തമാക്കിക്കൊണ്ട് നഗരസഭയ്ക്ക് നല്കേണ്ടതാണ്.

3.അതോടൊപ്പം സ്ഥലം സർക്കാർ അനുമതിയോടുകൂടി യൂണിവേഴ്സിറ്റിക്ക് കൈയ്യൊഴിയുന്ന പക്ഷം അവിടെ ഒരു യൂണിവേഴ്സിറ്റി കാമ്പസ് സ്ഥാപിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിന് യൂണിവേഴ്സിറ്റി തയ്യാറാണെന്നുള്ള സമ്മതം അറിയിക്കണം .

4. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു സ്ഥാപനത്തിലെ പ്രതിനിധി മാത്രമായ പ്രൊഫസർ&ഹെഡ് എന്ന ഒരാളുടെ അപേക്ഷ പ്രകാരം വസ്തു കയ്യൊഴിയുന്നത് അനുവദനീയമല്ല.

5. ഇക്കാര്യത്തിൽ നഗരസഭ വക ഭൂമിയിൽ നിന്നും ആവശ്യം വേണ്ട സ്ഥലം യൂണിവേഴ്സിറ്റിക്ക് സൗജന്യമായി കൈമാറുന്നതിനുള്ള തീരുമാനം എടുത്ത് ബാക്കിഭാഗം നഗരസഭയ്ക്ക് വരുമാനം കിട്ടുന്ന മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്ന നിർദ്ദേശം വയ്ക്കണം.

6. 2003-ൽ വാണിജ്യാവശ്യത്തിന് വാങ്ങിയ പ്രസ്തുത സ്ഥലം കൈയേറ്റം മൂലം അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണ്.

7. വിട്ടുകൊടുക്കുന്ന സ്ഥലത്തിന്റെ മതിപ്പ് വിലയ്ക്ക് ആനുപാതികമായ പ്രയോജനം നഗരസഭയ്ക്കും അവിടുത്തെ ജനങ്ങൾക്കും പുതിയ സ്ഥാപനത്തിന്റെ ആവിർഭാവം മൂലം ഉണ്ടാകുമെന്നും ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു
വേണ്ടി.

അംഗീകാരത്തോടെ

Sd/-
സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ